വാർത്തകൾ ദേശീയം

## നാലു ശതമാനം സംവരണം വേണം

# ആന്ധ്ര ജമാഅത്ത് പ്രക്ഷോഭത്തിന്

**നേരത്തേ** പ്രഖ്യാപിക്കപ്പെട്ട നാലു ശതമാനം സംവരണത്തിൽനിന്ന് ആന്ധ്രപ്രദേശ് സർക്കാർ പിന്തിരിഞ്ഞാൽ ശക്തമായ ജനകീയ പ്രക്ഷോഭത്തിന് നേതൃത്വം നൽകുമെന്ന് ജമാഅത്തെ ഇസ്‌ലാമി ആന്ധ്ര അമീർ മലിക് മുഅ്തസിം ഖാൻ മുന്നറിയിപ്പ് നൽകി. സർക്കാർ തീരുമാനത്തിനെതിരെ വന്ന ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ നൽകിയ അപ്പീൽ പ്രഥമ ദൃഷ്ട്യാ തള്ളിപ്പോയത് സർക്കാർ വക്കീലിന്റെ പിടിപ്പ് കേടുകൊണ്ട് മാത്രമാണ്. ഇങ്ങനെയാണെങ്കിൽ തങ്ങളുടെ വാദം സ്ഥാപിക്കാൻ എങ്ങനെയാണ് സർക്കാറിന് സാധിക്കുക? ഭരണഘടനയുടെ 15(1), 15(4) ഖണ്ഡികകൾ അനുസരിച്ച് സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം ആകാവുന്നതാണ്. കർണാടകയിലും തമിഴ്നാട്ടിലും കേരളത്തിലും നടപ്പിലാവുന്ന സംവരണം ആന്ധ്രയിൽ മാത്രം തടയപ്പെടുന്നതെന്തുകൊണ്ടെന്നും അദ്ദേഹം ചോദിച്ചു.

## അഅ്സംഗഢ് ഗ്രാമത്തിൽ 'സകാത്ത്' കൊണ്ട് പാലം

**അധികാരികൾ** അവഗണിച്ച അഅ്സംഗഢിലെ സിറാജ്പൂർ ഗ്രാമവാസികൾ സകാത്ത് സംഘടിതമായി ശേഖരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നു. റോഡ് റിപ്പയർ, കിണർ കുഴിക്കൽ, പാലം നിർമാണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇതിനകം ആരംഭിച്ചിരിക്കുന്നത്. ലഖ്നൗവിൽനിന്ന് 300 കിലോമീറ്റർ അകലെയുള്ള ഗ്രാമത്തിലെ ജനങ്ങൾ സകാത്ത്-സ്വദഖ ഇനത്തിൽ 65 ലക്ഷം രൂപ പിരിച്ചാണ് ഇപ്പോൾ പാലം പണി തുടങ്ങിയിരിക്കുന്നത്. തസ്മ നദിക്ക് കുറുകെയുള്ള പാലം സാമ്പത്തിക അഭിവൃദ്ധി കൂടി നേടിത്തരുമെന്ന വിശ്വാസത്തിലാണ് ഗ്രാമവാസികൾ. ദൂരെ നിന്ന് യാത്ര ചെയ്ത് വന്ന മതപണ്ഡിതന്മാരാണ് യാത്രാ ദുരിതം കുറക്കാൻ സകാത്ത് ഉപയോഗപ്പെടുത്താൻ നിർദേശിച്ചത്.

## ഫീസ് വർധനക്കെതിരെ എസ്.ഐ.ഒ പ്രതിഷേധം

**ഔറംഗാബാദിലെ** ഡോ. ബാബാ സാഹെബ് അംബേദ്കർ മറാത്വാഡ സർവകലാശാലയിൽ അന്യായമായി ഫീസ് വർധിപ്പിക്കാനുള്ള നീക്കത്തിനെതിരെ എസ്.ഐ.ഒ പ്രതിഷേധ സമരം സംഘടിപ്പിച്ചു. എസ്.ഐ.ഒ മഹാരാഷ്ട്ര സൗത്ത് സോൺ സെക്രട്ടറി മോയിസുറഹ്മാൻ ഉദ്ഘാടനം ചെയ്തു. സോണൽ പി.ആർ സെക്രട്ടറി സയ്യിദ് അലി, ശൈഖ് മുഹ്സിൻ തുടങ്ങിയവർ സംസാരിച്ചു.

## ജയ്പൂരിൽ പൗരാവകാശ സംരക്ഷണ ശിൽപശാല

**പൗരാവകാശ** സംരക്ഷണത്തെക്കുറിച്ച് ജയ്പൂരിൽ എ.പി.സി.ആർ ശിൽപശാല സംഘടിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമി രാജസ്ഥാൻ അമീർ എഞ്ചി. മുഹമ്മദ് സലീം ഉദ്ഘാടനം ചെയ്തു. എ.പി.സി.ആർ ഡയറക്ടർ ഡോ. ഷക്കീൽ അഹ്മദ്, മുൻ ഐ.ജി ലിയാഖത്ത് അലി, രാജസ്ഥാൻ മുസ്‌ലിം ഫോറം കൺവീനർ ഖാരി മുഈനുദ്ദീൻ, എ.പി.സി.ആർ രാജസ്ഥാൻ കൺവീനർ അഡ്വ. പാകർ ഫാറൂഖ് എന്നിവർ സംസാരിച്ചു.

## വർഗീയ കലാപ ബിൽ
## പോലീസിന്റെ റോൾ നിശ്ചയിക്കണം

**പാർലമെന്റിൽ** അവതരിപ്പിക്കാനിരിക്കുന്ന വർഗീയ കലാപ നിയന്ത്രണ ബില്ലിൽ പോലീസിന് ഉത്തരവാദിത്വം നൽകാനും വീഴ്ച വരുത്തുന്ന പക്ഷം ശിക്ഷിക്കാനുമുള്ള വകുപ്പുകൾ ചേർത്ത് ഭേദഗതി ചെയ്യണമെന്ന് അലീഗഢിലെ ഫോറം ഫോർ മുസ്‌ലിം സ്റ്റഡീസ് ആന്റ് അനാലിസിസ് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. എല്ലാ വർഗീയ സംഘർഷങ്ങളിലും എത്രയും പെട്ടെന്ന് എഫ്.ഐ.ആർ തയാറാക്കണം, കലാപത്തിൽ പങ്കെടുക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാറുകളെ നിയന്ത്രിക്കാൻ കേന്ദ്ര ഏജൻസിക്ക് അധികാരം നൽകണം, പോലീസ് പരിഷ്കരണ നടപടികൾ ഉടൻ ആരംഭിക്കണം, പോലീസിൽ എല്ലാ സമുദായത്തിന്റെയും പ്രാതിനിധ്യം ഉറപ്പു വരുത്തണം, കലാപബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ദേശീയ നയം രൂപീകരിക്കണം, വർഗീയ കലാപങ്ങൾ അന്വേഷിക്കുന്നതിന് അതിവേഗ കോടതികൾ രൂപവത്കരിക്കണം തുടങ്ങിയ ആവശ്യങ്ങളും ഫോറം ഉന്നയിച്ചു. ■

**അബ്ബാദ്**